(ഇ) തിരുവനന്തപുരം നഗരസഭയിൽ ഇപ്പോൾ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് സ്വന്തമായി സ്ഥലം ഇല്ല. കൃഷി ആവശ്യത്തിനായി സ്വകാര്യവ്യക്തികൾ ആവശ്യപ്പെടുന്ന സ്ഥലത്ത് അവ നിക്ഷേപിച്ചുവരുന്നു.

(എഫ്) തിരുവനന്തപുരം നഗരസഭയിൽ ചപ്പുചവറുകൾ സംസ്കരിക്കുന്നതിന് ഒരു ജൈവവള നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ആവശ്യത്തിലേക്ക് വിളപ്പിൽശാലയിൽ 12.5 ഏക്കർ സ്ഥലം വാങ്ങിക്കഴിഞ്ഞു. ജൈവവള നിർമ്മാണശാല സ്ഥാപിക്കുന്നതിനുള്ള കാട്ടേഷൻ ക്ഷണിക്കുകയും ഇതിൽ തെരഞ്ഞെടുത്ത കാട്ടേഷൻ കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് നടപടികൾ പുരോഗമിച്ചു വരുന്നു.

9 (*265) ജനകീയാസൂത്രണ ഫണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തുകൾക്ക് ഫോട്ടോ സ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിന് ലഭിച്ച തുക

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ഡോ. എം.എ. കുട്ടപ്പൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി ഫണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തുകൾക്ക് ഫോട്ടോ സ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിന് എന്തു തുക ലഭിച്ചു;

(ബി) എന്നാണ് തുക ലഭിച്ചത്; ആരുടെ പേരിലാണ് ഈ തുക നിക്ഷേപിച്ചിട്ടുള്ളത്;

(സി) എത്ര പഞ്ചായത്തുകൾക്ക് ഈ തുക നൽകിയിട്ടുണ്ട്;

(ഡി) ഇതിൽ എത്ര പഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ നൽകി;

(ഇ) ബാക്കി പഞ്ചായത്തുകൾക്ക് ഇവ നൽകുന്നതിൽ കാലതാമസമുണ്ടാകാനുള്ള കാരണമെന്താണ്;

(എഫ്) ഏത് കമ്പനിയുടെ ഫോട്ടോ സ്റ്റാറ്റ് മെഷീനാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദുകുട്ടി) :

(എ) 6,88,00,000 (ആറ് കോടി എൺപത്തിയെട്ട് ലക്ഷം) രൂപ, 688 പഞ്ചായത്തുകൾ പഞ്ചായത്ത് ഡയറക്ടറെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) 15.6.1998 മുതൽ 15.5.1999 വരെ ഡി.ഡി.യായി ടി തുക ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പഞ്ചായത്ത് ഡയറക്ടർക്ക് ലഭിച്ചു. ഈ തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ്ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി) 688 പഞ്ചായത്തുകൾ ഡയറക്ടർക്ക് തുക നൽകിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

(ഡി)&(ഇ) ആർക്കും നൽകിയിട്ടില്ല. വലിയ പർച്ചേസ് ആയതിനാൽ ടെണ്ടർ ക്ഷണിച്ചതിന് ശേഷമേ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങാനാകൂ. അതിനാലാണ് കാലതാമസം ഉണ്ടാകുന്നത്.

(എഫ്) ഏതു കമ്പനിയുടെ മെഷീനാണ് വാങ്ങേണ്ടതെന്ന് ടെണ്ടർ ലഭിച്ചുകഴിഞ്ഞേ തീരുമാനിക്കാനാകൂ.

LIBRARY ARCHIVES Kerala Legislative Assembly